**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **08-10-2025 - ൽ മറുപടിയ്ക്ക്**

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കലാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സിനിമ, നാടകം, ചിത്ര-ശില്പകല, സംഗീതം, നൃത്തം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഉള്ള കുട്ടികൾക്ക് പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്.<br>11, 12 ക്ലാസുകളിലേക്കുള്ള കുട്ടികൾക്കും കലാ വിദ്യാഭ്യാസത്തിന്റെ പാഠപുസ്തകം തയ്യാറാക്കി വരികയാണ്. മഹിളാ സമഖ്യയുടെ കിഴിലുള്ള മഹിളാ ശിക്ഷ കേന്ദ്രത്തിലെ വിവിധ ഗോത്രവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് കേരള കലാമണ്ഡലത്തിൽ താമസിച്ച് കല അഭ്യസിക്കുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. |
| (ബി) | കലാ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കലാ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ